I/568403/2023

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 27.10.2023 -ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന ദ്വൈമാസ അവലോകനത്തിന്റെ മിനിട്ട്സ്.**

യോഗം രാവിലെ 10.30-ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. പങ്കെടുത്ത എല്ലാവരെയും ബഹു. ഡയറക്ടർ സ്വാഗതം ചെയ്തു. കോവിഡിന് ശേഷം ആദ്യമായി നടത്തുന്ന ഓഫ് ലൈൻ മീറ്റിംഗാണ് നടന്നത്. തുടർന്ന് 21.06.2023-ന് ചേർന്ന യോഗതീരുമാനങ്ങളുടെ നടപടി റിപ്പോർട്ട് വായിച്ചു. യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളും ആയതിന്മേൽ എടുത്ത തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചർച്ച ചെയ്ത വിഷയം | തീരുമാനം |
|---|---|---|
| 1 | **ഉപകരണങ്ങൾ ട്രാൻസ്ഫർ ചെയ്യുന്നത് സംബന്ധിച്ച് -**<br><br>21.06.2023-ന് മീറ്റിംഗിൽ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും സർജനെ പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്തതിനാൽ RFA Machine പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടി മെഷീൻ ട്രാൻസ്ഫർ ചെയ്തിട്ടില്ല. | മെഷീൻ ട്രാൻസ്പോർട്ട് ചെയ്യുന്ന കമ്പനികളുമായി വടവാതൂർ സൂപ്രണ്ട് നേരിട്ട് ബന്ധപ്പെടാൻ ഡയറക്ടർ നിർദ്ദേശിച്ചു.<br>**(നടപടി- വടവാതൂർ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് )** |
| 2 | **കുക്ക് & ധോബി**- ടി ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ സംബന്ധിച്ച് | ഇതുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ഡയറക്ടർ നിർദ്ദേശിച്ചു.<br>**(നടപടി-റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)** |
| 3 | **ക്ലർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ** - ജില്ലാ സ്ഥലംമാറ്റം അനുവദനീയമാണോ എന്നതിനെ സംബന്ധിച്ച് | ഇതുമായി ബന്ധപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.<br><br>**(നടപടി-ഇ2-സെക്ഷൻ ഡയറക്ടറേറ്റ് )** |
| 4 | ചവറ ഇ.എസ്.ഐ ഡിസ്പെൻസറി 2 ഷിഫ്റ്റ് ആക്കിയ നടപടി സാധൂകരിക്കണമെന്ന് ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ടു. | വിശദമായ കത്ത് നൽകുന്നതിനനുസരിച്ച് സാധൂകരണം നൽകാമെന്ന് ഡയറക്ടർ അറിയിച്ചു. |

I/568403/2023

| | | |
|---|---|---|
| | | **(നടപടി - ബി2 സെക്ഷൻ ഡയറക്ടറേറ്റ്)** |
| 5 | വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ ആംബുലൻസ് ഇല്ല എന്നാൽ ഡ്രൈവർ ഉണ്ടെന്നും ഇതിന് പരിഹാരം ഉണ്ടാകണമെന്നും സൂപ്രണ്ട് ആവശ്യപ്പെട്ടു. | വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള CSR Fund -ൽ നിന്ന് ആംബുലൻസ് വാങ്ങാവുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.<br>**(നടപടി-വടവാതൂർ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട്)** |
| 6 | ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ കോവിഡുമായി ബന്ധപ്പെട്ട് ഇൻസ്റ്റാൾ ചെയ്ത ഓക്സിജൻ പ്ലാന്റിലേക്ക് Bio Medical Technician – ന്റെ സേവനമുറപ്പാക്കണമെന്ന് ഫയർഫോഴ്സും പോലീസും ആവശ്യപ്പെട്ടിരുന്നു. ഓക്സിജൻ ലീക്കേജ് ഉണ്ടായാൽ അത് പരിഹരിക്കുന്നതിന് Bio Medical Technician-ന്റെ സേവനം ആവശ്യമാണ്. ആയതിനാൽ അടിയന്തിരമായി Bio Medical Technician-നെ നിയമിക്കണമെന്ന് സൂപ്രണ്ട് ആവശ്യപ്പെട്ടു. | പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി Health Department-മായി ബന്ധപ്പെട്ട് തീരുമാനം അറിയിക്കാമെന്ന് ഡയറക്ടർ അറിയിച്ചു.<br>**(നടപടി - ബി2 സെക്ഷൻ ഡയറക്ടറേറ്റ്)** |
| 7 | പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് വിവിധ സൂപ്രണ്ടുമാർ ആവശ്യപ്പെട്ടിരുന്നു | സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ലാ എന്ന് ഡയറക്ടർ അറിയിച്ചു |
| 8 | കുത്തുപറമ്പ് ഇ.എസ്.ഐ ഡിസ്പെൻസറി 2 ഷിഫ്റ്റ് ആക്കണമെന്ന് തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് ആവശ്യപ്പെട്ടത് സംബന്ധിച്ച് | സംസ്ഥാനത്തെ എല്ലാ ഡിസ്പെൻസറികളിലേയും യഥാർത്ഥ ഐ.പി സ്ട്രെങ്ത്ത് ആവശ്യപ്പെട്ടുകൊണ്ട് ഇ.എസ്.ഐ കോർപ്പറേഷന് ഡയറക്ടറേറ്റിൽ നിന്ന് കത്ത് അയച്ചിട്ടുണ്ട്. അതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഡിസ്പെൻസറി Upgradation ചെയ്യുന്ന കാര്യം പരിഗണികാമെന്ന് ഡയറക്ടർ അറിയിച്ചു.<br>**(നടപടി - ബി2 സെക്ഷൻ ഡയറക്ടറേറ്റ് )** |
| 9 | പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിലവിലുള്ള ഫാർമസിസ്റ്റ് വിടുതൽ ചെയ്യുമ്പോൾ സീനിയർ ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന് ആശുപത്രി സൂപ്രണ്ട് ആവശ്യപ്പെട്ടു. | ടി ആശുപത്രി കോംമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഡ്രഗ് ടെസ്റ്റിംഗ് ലാബിലെ ഫാർമസിസ്റ്റിനെ ഉപയോഗപ്പെടുത്തി ട്രെയിനിംഗ് നൽകാവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. |

| | | |
|---|---|---|
| | | (നടപടി- ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് പേരൂർക്കട) |
| | **മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്** | |
| 1 | റൂൾ 60/61 പ്രകാരം ഇഎസ്.ഐ ആനുകൂല്യം ലഭിച്ചുവരുന്ന ഐ.പി-കളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അർഹത/പരിധി സംബന്ധിച്ച് | ഈ വിഷയത്തിൽ ഗവൺമെന്റ്തലത്തിൽ കത്തിടപാടുകൾ നടത്തി വ്യക്തത വരുത്താവുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.(**നടപടി -MRC സെക്ഷൻ ഡയറക്ടറേറ്റ്** ) |
| 2 | E-Pahachan Card-ന്റെ സാധ്യതയും പഴയ ടൈപ്പ് ഐ ഡി കാർഡുകൾ ഉപയോഗിക്കാമോ എന്നത് സംബന്ധിച്ച് | E-Pahachan Card Aadhar Card-മായി Link ചെയ്യുന്നതുവരെ പഴയ കാർഡ് ഉപയോഗിക്കാമെന്നും E-Pahachan Card പ്രോത്സാഹിപ്പിക്കാനും ഡയറക്ടർ നിർദ്ദേശം നൽകി. |
| 3 | സി.ജി.എച്ച്.എസ് റേറ്റില്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ഇൻവെസ്റ്റിഗേഷൻ മെഡിക്കൽ റേറ്റിന്റെ അനുമതി സംബന്ധിച്ച് | സി.ജി.എച്ച്.എസ് റേറ്റ് ചെറിയ കാലയളവിലേക്ക് അനുവദിക്കാവുന്നതാണെന്നും മേൽ ബില്ലുകൾ ഡയറക്ടറേറ്റിലേക്ക് അയയ്ക്കാവുന്നതാണെന്നും തീരുമാനിച്ചു.<br>**(നടപടി -IMO ESI Dispensary)** |
| 4 | കീമോതെറാപ്പി മരുന്നുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച് | കീമോതെറാപ്പി ബില്ലുകൾ ഇ.എസ്.ഐ കോർപ്പറേഷന് അയയ്ക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട നോട്ടുകൂടി ഉൾപ്പെടുത്തി അയയ്ക്കാൻ ഡയറക്ടർ നിർദ്ദേശം നൽകി.<br>(നടപടി - **IMO ESI Dispensary**) |
| 5 | ഐ.പി-കളുടെ ചികിത്സയ്ക്കുള്ള അവശ്യവസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച് | ഇ.എസ്.ഐ ആശുപത്രിയിലെ ഐ.പി-കളുടെ ചികിത്സയ്ക്ക് പുറത്തുനിന്ന് അവശ്യവസ്തുക്കൾ വാങ്ങുന്നതിൽ മുഴുവനായും റീ-ഇംബേഴ്സ്മെന്റ് ചെയ്യണമെന്ന സർക്കുലർ പുറപ്പെടുവിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി MRC – സെക്ഷൻ ഡയറക്ടറേറ്റ്)** |
| | IT | |
| | കംപ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും shortage – സംബന്ധിച്ച് | ഡെസ്ക്ടോപ്പ് മാറ്റി ലാപ്ടോപ് ആണ് ഇനി നൽകുന്നത്. ആയതിനാൽ UPS ആവശ്യമായി വരുന്നില്ല. Catridge ന്റെ |

| | | |
|---|---|---|
| 1 | | ലഭ്യത ഉറപ്പാക്കുന്നതിനായി First Catridge ഒരെണ്ണം Extra വാങ്ങവുന്നതും പിന്നീട് ഉള്ളത് റീ-ഫിൽ ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്. **(നടപടി -സ്ഥാപനമേധാവികൾ , ഐ.റ്റി സെക്ഷൻ)** |
| **മെഡിക്കൽ സ്റ്റോർ** | | |
| 1 | Sub Standard മെഡിസിന്റെ നിർമാർജ്ജനം സംബന്ധിച്ച് | Sub Standard മെഡിസിന്റെ വിശദവിവരം **ലഭ്യമാക്കുന്ന മുറയ്ക്ക് അടുത്ത പർച്ചേസ്സിൽ** ബന്ധപ്പെട്ട മെഡിസിൻ കമ്പനിയുമായി ബന്ധപ്പെട്ട് ഡിസ്പോസ് ചെയ്യാനുള്ള നടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചു. ഡയറക്ടറേറ്റിൽ നിന്നും അറിയിപ്പ് ലഭിച്ചാൽ മാത്രമേ കണ്ടംനേഷൻ നടത്താവൂ. **(നടപടി-ബന്ധപ്പെട്ട സ്ഥാപനമേധാവികൾ)** |
| 2 | ഒളരിക്കര ഇ.എസ്.ഐ ആശുപത്രി ഉപകരണങ്ങൾക്ക് CMC പുതുക്കുന്നത് സംബന്ധിച്ച് | ആശുപത്രി വികസന സമിതി വഴി പർച്ചേയ്സ് ചെയ്ത ഉപകരണങ്ങളുടെ CAMC പുതുക്കുന്നത് ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നും സ്റ്റേറ്റ് ഫണ്ടിൽ നിന്നു പർച്ചേസ്സ് ചെയ്ത ഉപകരണങ്ങളുടെ CAMC State Fund-ൽ നിന്നും മാത്രമേ ചെയ്യാവൂ.<br><br>**(നടപടി - സ്ഥാപനമേധാവി മുഖേന)** |
| 3 | ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിന് മരുന്നുകളും സാധനങ്ങളും ലോക്കൽ പർച്ചേയ്സ് ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | ലോക്കൽ പർച്ചേയ്സ് പരിധി കഴിഞ്ഞാൽ ഡയറക്ടറേറ്റിൽ അയച്ച് ratification ചെയ്യണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.<br><br>**(നടപടി- ബന്ധപ്പെട്ട സ്ഥാപനമേധാവി)** |
| 4 | ആന്വൽ ഇൻഡന്റ് പർച്ചേയ്സ് വഴി സപ്ലൈ ചെയ്യുന്ന Suture Material ഗുണനിലവാരം പോരാ എന്ന് എറണാകുളം ഇ.എസ്.ഐ ആശുപത്രി സർജൻമാർ അറിയിച്ചിരിക്കുന്നു. Ethecon കമ്പനിയുടേതാണ് നല്ല Suture Material എന്ന് അറിയിച്ചിരിക്കുന്നു. | ആന്വൽ ഇൻഡന്റ് ചെയ്യുമ്പോൾ ഇക്കാര്യം നോട്ടായി പ്രത്യേകം കാണിക്കാവുന്നതാണ്<br><br>**(നടപടി-ബന്ധപ്പെട്ട സ്ഥാപനമേധാവികൾ)** |
| 5 | ആശുപത്രി വികസന സമിതി വഴിയുള്ള പർച്ചേയ്സ് സംബന്ധിച്ച് | ആശുപത്രി വികസന സമിതി റൂൾസ് പ്രകാരം ചെയ്യേണ്ടതാണ്. **(നടപടി -** |

| | | |
|---|---|---|
| ARM/SRM സൂപ്രണ്ടുമാർ.) | | |
| 1 | ഇ.എസ്.ഐ കോർപ്പറേഷൻ സ്ഥാപനങ്ങളുടെ കെട്ടിടവും ക്വാർട്ടേഴ്സും അറ്റകുറ്റ പണി സംബന്ധിച്ച് | State PWD ഉം ESIC -നുമായി MOU Sign ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലാണ്. |
| ഓഡിറ്റ് | | |
| 1 | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ നടത്തുന്ന ആഭ്യന്തര പരിശോധനകളുടെ റിപ്പോർട്ടുകൾ സംബന്ധിച്ച് | മേൽ റിപ്പോർട്ടുകൾ സമയബന്ധിതമായി ഡയറക്ടറേറ്റിലേക്ക് അയച്ച് നൽകേണ്ടതാണ്. **(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)** |
| 2 | 16.08.2023 -ലെ A3-3269/2003/DIMS നമ്പർ സർക്കുലർ നടപ്പാക്കുന്നത് സംബന്ധിച്ച് | മേൽ സർക്കുലർ പ്രകാരം ആഭ്യന്തര പരിശോധന റിപ്പോർട്ടിന്മേലുള്ള തടസ്സവാദങ്ങൾ എല്ലാം നീക്കിയതിനു-ശേഷം ന്യൂനത പരിഹാര റിപ്പോർട്ട് സർക്കാരിൽ മാനദണ്ഡപ്രകാരം അയച്ച് നൽകുന്നതിന് എല്ലാ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്. **(നടപടി - സ്ഥാപനമേധാവികൾ)** |
| ജനറൽ | | |
| 1 | ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നത് സംബന്ധിച്ച് | പുതുതായി സർവ്വീസിൽ പ്രവേശിച്ച അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുവാൻ തീരുമാനിച്ചു. **(നടപടി -ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)** |
| 2 | സോളാർ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് | ഇ.എസ്.ഐ ആശുപത്രിയിലും വകുപ്പിലെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ ഡിസ്പെൻസറികളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. **(നടപടി- ഡി2 സെക്ഷൻ ഡയറക്ടറേറ്റ്** |

Signed by
Malini S
Date: 23-11-2023 16:50:34